**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **11-10-2021 - ൽ മറുപടിയ്ക്ക്**

**പുരാവസ്തു തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പുരാവസ്തുക്കൾ എന്ന പേരിൽ വ്യാജ സാധനങ്ങൾ പ്രദർശിപ്പിച്ച് തട്ടിപ്പ് നടത്തിയ വ്യക്തിയുമായി സംസ്ഥാന പോലീസിലെ ഉന്നത ഉദ്യോഗസ്ഥർക്ക് നേരിട്ട് ബന്ധമുള്ളതായും തട്ടിപ്പ് നടത്തുന്നതിന് സഹായം നൽകിയതായുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഈ വ്യക്തിയുടെ ചെയ്തികളെ സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് കേസ് അന്വേഷണം നടത്തി വരികയാണ്. |
| (ബി) | എങ്കിൽ ഇതിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഈ വ്യക്തിയുടെ ചെയ്തികളെ സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് കേസ് അന്വേഷണം നടത്തി വരികയാണ്. |
| (സി) | പുരാവസ്തു തട്ടിപ്പ് കേസിൽ പോലീസ് പിടിയിലായ വ്യക്തിയുടെ ഇടപാട് ഗുരുതരമാണെന്നും നിരീക്ഷിക്കണമെന്നും മുൻ പോലീസ് മേധാവി ജില്ലാ പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | പോലീസ് റിപ്പോർട്ട് പ്രകാരം, ആരോപണ വിധേയനായ വ്യക്തി തന്റെ വീടിന് സുരക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട അപേക്ഷയായതിനാൽ സ്വാഭാവികമായ നടപടിയാണ് പോലീസ് മേധാവി കൈക്കൊണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആരോപണ വിധേയനെക്കുറിച്ച് 21-12-2019 ലെ കത്ത് പ്രകാരം ഇന്റലിജന്റ്സ് എ.ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ ഡി.ജി.പി ഈ കേസിലെ ആരോപണ വിധേയന്റെ വീട് സന്ദർശിക്കുകയും സംശയത്തെ തുടർന്ന് പോലീസ് ഇന്റലിജന്റ്സിനോട് വിവരങ്ങൾ ശേഖരിക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി. ഇന്റലിജന്റ്സ് എ.ഡി.ജി.പി യിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 05.02.2020 ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ പ്രസ്തുത കേസുമായി ബന്ധപ്പെട്ട് പോലീസ് പിടിയിലായ വ്യക്തി കേരള പോലീസിന്റെ സൈബർ സെക്യൂരിറ്റി കോൺഫറൻസ് ആയ കൊക്കൂണിൽ പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഇടയായ സാഹചര്യവും ആരുടെ ക്ഷണപ്രകാരമാണ് പങ്കെടുത്തതെന്നും വ്യക്തമാക്കാമോ? | (ഡി) | കൊക്കൂൺ കോൺഫറൻസ് ഐ.ടി പ്രൊഫഷണലുകൾക്ക് വേണ്ടിയുള്ള ഒരു സൈബർ കോൺഫറൻസാണ്. ടി കോൺഫറൻസ് രേഖകളിൽ രജിസ്റ്റർ ചെയ്ത് പങ്കെടുത്തതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ